(ബി) പ്രസ്തുത നടപടിമൂലം ലക്ഷക്കണക്കിന് വായ്പയെടുത്ത കുടുംബങ്ങൾ കടുത്ത ആശങ്കയിലും ഭീതിയിലും കഴിയുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും അനുകൂലമായ തീരുമാനം ഉണ്ടായിട്ടുണ്ടോ ;

(ഡി) ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. കേരള നിയമസഭ പാസ്സാക്കിയ പ്രമേയം 3-9-2015-ന് കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഇക്കാര്യം പരിശോധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

മുഖ്യമന്ത്രിക്കെതിരെ നിയമ നടപടിക്ക് ഡി.ജി.പി. യുടെ കത്ത്

133 (3643) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്കെതിരെ നിയമ നടപടിക്ക് അനുമതി തേടിക്കൊണ്ട് സംസ്ഥാനത്തെ ഏതെങ്കിലും ഡി.ജി.പി. സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ;വ്യക്തമാക്കാമോ;

(ബി) ഏത് പ്രശ്നത്തിലാണ് നിയമ നടപടിക്ക് അനുവാദം ചോദിച്ചിരിക്കുന്നത്; വിശദമാക്കാമോ ;

(സി) ഇക്കാര്യത്തിൽ മുഖ്യമന്ത്രി നടത്തിയതായി പറയുന്ന പ്രസ്താവന പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഡി.ജി.പി. സംസ്ഥാന പോലീസിന് നൽകിയ കത്തിൻമേൽ സ്വീകരിച്ച നടപടി വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. മുഖ്യമന്ത്രിക്കെതിരെ നിയമനടപടി സ്വീകരിക്കുവാൻ, ഡി.ജി.പി. യും കേരള ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ജേക്കബ് തോമസ് ഐ.പി.എസ്. (KL:1985) അനുമതി ആവശ്യപ്പെട്ടിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഉദ്യോഗസ്ഥനെതിരെ മുഖ്യമന്ത്രി നടത്തിയ പരാമർശങ്ങൾ പിൻവലിക്കാത്തപക്ഷം നിയമ നടപടി സ്വീകരിക്കുവാൻ അനുവാദം ചോദിച്ചിരിക്കുന്നു.

(സി) ഇല്ല.

(ഡി) നടപടി പരിഗണിച്ചുവരുന്നു.

ബാർ ലൈസൻസ് ഫീസ്

134 (3644) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തിൽ ബാർ ലൈസൻസ് ഫീസ് ഉയർത്തി നിശ്ചയിക്കേണ്ടത് സംബന്ധിച്ച് എക്സൈസ് കമ്മീഷണർ നൽകിയ ശിപാർശ എന്തായിരുന്നു; വിശദമാക്കാമോ;

(ബി) പ്രസ്തുത കാര്യത്തിൽ, എക്സൈസ് കമ്മീഷണർ അയച്ച കത്തുകളുടെ ഓരോ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ;

(സി) ടി വിഷയത്തിന്മേൽ മന്ത്രിസഭായോഗത്തിന് മുമ്പാകെ സമർപ്പിച്ച കുറിപ്പിൽ എക്സൈസ് കമ്മീഷണറുടെ ശിപാർശയെക്കുറിച്ച് പ്രതിപാദിക്കുകയുണ്ടായോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2013-14 വർഷത്തിൽ അധികവിഭവ സമാഹരണത്തിന്റെ ഭാഗമായി ബാർ ലൈസൻസ് ഫീസ് (FL3 License) 22 ലക്ഷം രൂപയിൽനിന്ന് 25 ലക്ഷം രൂപയായി ഉയർത്തുന്നതിന് എക്സൈസ് കമ്മീഷണർ 29-1-2013 -ലെ എക്സ്.എഫ്.ബി. 1-1821/13 നമ്പർ കത്ത് പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിച്ചിരുന്നു. പ്രസ്തുത ശിപാർശയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) എക്സൈസ് കമ്മീഷണറുടെ ശിപാർശയുടെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരത്തോടെ മന്ത്രിസഭയുടെ സാധൂകരണത്തിന് വിധേയമായി 15-3-2013-ലെ ജി.ഒ.(എം.എസ്)41/2013/നി.വ. ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവ് മന്ത്രിസഭ സാധൂകരിക്കുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly